**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വിദ്യാഭ്യാസ ചെലവിലുണ്ടായ വർദ്ധനവിന്റെയും ഉയർന്ന് വരുന്ന ജീവിത നിലവാര സൂചികകളുടെയും അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 09/01/2020 ലെ സ.ഉ.(അച്ചടി) നമ്പർ 1/2020/ പജപവവിവ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇനിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെപരിഗണനയിലാണ്. കൂടാതെ ABLC (Actual Coarding & Lodging Charges ) വർദ്ധിപ്പിക്കുന്നത് 2024-25 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **<u>പട്ടികവർഗ്ഗം</u>**<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് 100% ഉറപ്പാക്കുകയും നിലനിർത്തുന്നതിനും 10,12 ക്ലാസുകളിൽ അവരുടെ വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ ഉയർത്തുന്നതിനും ടി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിനും പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**<u>പട്ടികജാതി</u>**<br><br>സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി നിലവിൽ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ്, സ്പെഷ്യൽ ഇൻസെന്റീവ്, ശ്രീ അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ്, വിദേശ പഠനം, ലാപ്ടോപ്പ്, സ്റ്റെതസ്കോപ്പ്, മെഡിക്കൽ എഞ്ചിനീയറിംഗ് |

| | | | |
|---|---|---|---|
| | | | എൻട്രൻസ് പരിശീലനം എന്നിങ്ങനെ വിദ്യാഭ്യാസ മേഖലയുടെ വിവിധ തലങ്ങൾ സ്പർശിക്കുന്ന ബഹുമുഖമായ പദ്ധതികൾ പട്ടികജാതി വിദ്യാർഥികൾക്കായി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ